## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4542 — 17.12.2014 ലെ മറുപടിക്ക്

## പോസ്റ്റ് മെട്രിക്ക് ബോയ്സ് ഹോസ്റ്റലിലെ വാച്ച്മേൻ തസ്തിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | 2001-2002 ൽ നിർത്തൽ ചെയ്ത പോസ്റ്റ് മെട്രിക്ക് ബോയ്സ് ഹോസ്റ്റലിലെ വാച്ച്മേൻ തസ്തിക പുന:സ്ഥാപിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എവിടെയൊക്കെ പുന:സ്ഥാപിച്ചിട്ടുണ്ട്? കണ്ണൂർ - കാസർഗോഡ് ജില്ലകളിൽ ഇപ്പോൾ ഈ തസ്തിക നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിൽ നിർത്തൽ ചെയ്ത വാച്ച്മേൻ തസ്തികകൾ പുന:സ്ഥാപിച്ചിട്ടില്ല. കണ്ണൂർ - കാസർഗോഡ് ജില്ലകളിൽ ഇപ്പോൾ വാച്ച്മാൻ തസ്തിക നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. വാച്ച്മാൻ നിലവിലില്ലാത്ത പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിൽ സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിൽ സ്ഥിരം റസിഡന്റ് ട്യൂട്ടർമാർ ഇല്ലാത്തത് കൊണ്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സ്ഥിരം ആർ.ടി തസ്തിക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) | ഉണ്ട്. നിലവിൽ റസിഡന്റ് ട്യൂട്ടർമാരെ ഓണറേറിയം വ്യവസ്ഥയിലാണ് നിയമിക്കുന്നത്. ഓണറേറിയം തുക കുറവായതിനാൽ പല ഹോസ്റ്റലുകളിലും റസിഡന്റ് ട്യൂട്ടർമാരെ ലഭിക്കുന്നതിന് ബുദ്ധിമുട്ടുള്ള സ്ഥിതിയാണ്. ആയതിനാൽ പട്ടികജാതി വികസന ഓഫീസർക്ക് റസിഡന്റ് ട്യൂട്ടറുടെ അധികചുമതല വഹിക്കേണ്ടതായി വരുന്നു. റസിഡന്റ് ട്യൂട്ടർ തസ്തികയിൽ മെച്ചപ്പെട്ട വേതനത്തിൽ സ്ഥിര നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ